കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# തലവടി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി11-300/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി 09.06.2020

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തലവടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.11-300/2020 തീയതി.09.06.2020

# ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.02.2019 മുതൽ 20.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.വി സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 28.02.2020 മുതൽ<br>10.03.2020 വരെ | ശ്രീ.ആർ. രാജീവ്. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.വി.കെ.പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | അഡ്വ.ജനൂബ് പുഷ്പാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. സിന്ധു.എസ് | 01.04.2018 മുതൽ 21.06.2018 വരെ |
| 2 | ശ്രീമതി. ബേബി സരോജം.ഡി | 22.06.2018 മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ജിജിതോമസ്സ് പ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീ.പി.കെ. വർഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ ദിന വിനോദ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ കാര്യം വിദ്യാഭ്യാസ കാര്യം | ശ്രീ. മണിദാസ് വാസു | 01.04.2018 മുതൽ 31.03.2019 വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.നിവേദിത എം.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സിനി എസ് നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | വെറ്ററിനറി സർജൻ | ഡോ. ഈതൽ ദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീ.അനില ശശിധരൻ | 01.04.2018 മുതൽ 03.08.2018 FN വരെ |
| | | ശ്രീമതി. സിന്ധു ജിങ്ക ചാക്കോ | 03.08.2018 AN മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ | ശ്രീ. അജിമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽഓഫീസർ, പി.എച്ച്.സി | ഡോ.പ്രശോഭ് | 01.04.2018 മുതൽ 09.05.2018 വരെ |
| | | ഡോ.ടോണി തോമസ് മാത്യു | 10.05.2018 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജിഷ സുജാതൻ | 01.04.2018 മുതൽ 01.08.2018 FNവരെ |
| | | ഡോ.പ്രമിത പിള്ള | 01.08.2018AN മുതൽ 24.10.2018FN വരെ |
| | | ഡോ.ഷെയ്ല എസ്.എസ് | 24.10.2018AN മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഏലീസ്വ.കെ | 01.04.2018 മുതൽ 06.10.2018 FNവരെ |
| | | ഡോ.സജീത. ആർ.കുറുപ്പ് | 06.10.2018 AN മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| 9 | ഹെഡ്മിസ്ട്രസ്സ്, മോഡൽ യുപി.എസ്. | ശ്രീമതി. സുജാത | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. പ്രിയങ്ക വി.എസ് | 01.04.2018 മുതൽ 21.06.2018 വരെ |
| | | ശ്രീമതി. മുംതാസ് | 22.06.2018 മുതൽ 18.07.2018 FN വരെ |
| | | ശ്രീമതി. പ്രിയ. എൽ. | 18.07.2018 AN മുതൽ 19.02.2019 വരെ |
| | | ശ്രീമതി. ജയശ്രീ. ആർ | 26.02.2019 മുതൽ 19.03.2019 FNവരെ |
| | | ശ്രീമതി. ശ്രീലക്ഷ്മി. എം.ജി | 19.03.2019 AN മുതൽ 31.03.2019 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സുരേഷ്. എ | 01.04.2018 മുതൽ 21.06.2018 വരെ |
| | | ശ്രീമതി.വത്സമ്മ വി.എൽ | 22.06.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം-1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| 2 | 1-13 | വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങളില്ല |
| 3 | 1-14 | വിവിധ സ്കീം ബാങ്ക് അക്കൗണ്ടുകൾ- നിഷ്ക്രിയമായി തുടരുന്നു. |
| 4 | 1-15 | പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ |
| 5 | 1-16 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ |
| 6 | 1-17 | സ്വകാര്യമേഖലയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല |
| 7 | 1-18 | വ്യാപാര,സംരംഭക ലൈസൻസ് നൽകൽ -അപാകങ്ങൾ |
| 8 | 1-19 | കേരള പൊതുമരാമത്ത് വകുപ്പ് മാനവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കൂടിയ നിരക്കിൽ ലംപ്സം തുക ഉൾപ്പെടുത്തുന്നു |
| 9 | 1-20 | കരാറിലേർപ്പെടുന്നതിന് നിയമ പ്രകാരമുള്ളതിലധികം സമയം അനുവദിച്ചു. |
| 10 | 1-21 | 65 വയസ്സിന് മുകളിലുള്ള വൃദ്ധർക്ക് കട്ടിൽ- കുറഞ്ഞ തുക അംഗീകരിച്ചില്ല. |
| 11 | 1-22 | മരുന്നുകൾ പൂർണമായും ലഭ്യമായില്ല. |
| 12 | 1-23 | ഭവന പുനരുദ്ധാരണം - മുൻകൂർ നൽകിയ പ്രവർത്തികളിൽ മൂല്യനിർണ്ണയം നടത്തിയില്ല |
| 13 | 1-24 | കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾ- ചെലവ് രേഖ ഹാജരാക്കിയില്ല |

| | | |
|---|---|---|
| 14 | 1-25 | ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 15 | 1-26 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ -പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം |
| 16 | 1-27 | വാർഷിക കണക്കുകൾ- അഡ്വാൻസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 17 | 1-28 | യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല |
| 18 | 1-29 | എംപ്റ്റി ബാരൽ വില ഈടാക്കിയില്ല |
| 19 | 1-30 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചില്ല |
| 20 | 1-31 | ഓഡിറ്റ് ഇംപാക്ട് |
| ഭാഗം-2 | | |
| 21 | 2-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| ഭാഗം-3 | | |
| 22 | 3-1 | എംപ്റ്റി ബാരൽ വില ഈടാക്കിയില്ല |
| ഭാഗം-4 | | |
| 23 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 25 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് (പുതുക്കിയ ബജറ്റ്) 14.3.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 8,76,26,000 | 17,77,56,300 |
| വാർഷിക കണക്ക് പ്രകാരം | 6,22,07,612 | 5,46,78,295 |

**<u>ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല</u>**

2018-19 ലെ ബജറ്റ് നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 14.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി 534/2019, 14.06.2019 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10984437 |
| വരവ് | 62207612 |
| ആകെ | 73192049 |
| ചെലവ് | 54678295 |
| നീക്കിയിരിപ്പ് | 18513754 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14306161 | 14306161 | 12900662 | 1405499 | വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന പ്രസ്തുത തുക നിലവിൽ ലാപ്സായിരിക്കുന്നു |
| വികസനഫണ്ട് എസ്.സി.പി. | 0 | 4596000 | 4596000 | 3165485 | 1430515 | വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന പ്രസ്തുത തുക നിലവിൽ ലാപ്സായിരിക്കുന്നു |
| വികസനഫണ്ട് ടി.എസ്.പി. | 0 | 115000 | 115000 | 0 | 115000 | വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന പ്രസ്തുത തുക നിലവിൽ ലാപ്സായിരിക്കുന്നു |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5771000 | 5771000 | 3508040 | 2262960 | വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന പ്രസ്തുത തുക നിലവിൽ ലാപ്സായിരിക്കുന്നു |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2999000 | 2999000 | 1105900 | 1893100 | വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന പ്രസ്തുത തുക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നിലവിൽ ലാപ്സായിരിക്കുന്നു |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6767000 | 6767000 | 4790598 | 1976402 | വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന പ്രസ്തുത തുക നിലവിൽ ലാപ്സായിരിക്കുന്നു |
| ബി ഫണ്ട് | 0 | 225600 | 225600 | 225600 | 0 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 191 | 90449049 | 115 | 41473074 | - | 76 | 60.21% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

**ഇല്ല**

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 77906 | 1339569 | 1417475 | 1402586 | 14889 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25109308 | 25109308 | 25109308 | 0 |

### 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75600 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 14732000 | 1205 |
| വിധവാപെൻഷൻ | 7330100 | 631 |
| വാർദ്ധക്യകാലപെൻഷൻ | 16715700 | 1618 |
| വികലാംഗപെൻഷൻ | 3251700 | 262 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 402600 | 36 |
| വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

2-03-2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26585 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ തീർത്തും അപര്യാപ്തമാണ്.ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.കെട്ടിടം ശോചനീയാവസ്ഥയിലാണ്. ഫയലുകളും പ്രധാന രേഖകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിന് നിലവിൽ സൗകര്യമില്ല. പഞ്ചായത്തിന്റെ നിലവിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്ററിൽ മുൻകാല ആസ്തികൾ ഉൾപ്പെടെ ചേർത്ത് വിവരങ്ങൾ കൃത്യമാക്കി പരിപാലിക്കുന്നില്ല.
3. പദ്ധതികളുടെ നടത്തിപ്പ് ശരിയായ വിധം മോണിറ്റർ ചെയ്യപ്പെടുന്നില്ല. 2018-19 ൽ അംഗീകാരം ലഭിച്ച 76 പദ്ധതികൾ നടപ്പാക്കാനായില്ല.2018ൽ ഉണ്ടായ പ്രളയം ഇതിന് പ്രധാനകാരണമാണെങ്കിലും ഇത്രയധികം പദ്ധതികൾ നടപ്പാക്കാനാകാത്തത് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/02/2020 | 2020 ജനുവരി | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.06.2017 | 2013-14 മുതൽ 2016-17വരെ | 10.08.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 വാർഷിക കണക്കിലെ അപാകതകൾ സംബന്ധിച്ച് ഈ ഓഫീസിൽ നിന്ന് കെ.എസ്.എ-എ.എൽ.പി പി11-532/19 തീയതി 14.06.2019 പ്രകാരം പുറപ്പെടുവിച്ച റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന അപാകതകൾക്ക് പുറമെ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഡ്വാൻസ് രജിസ്റ്ററിൽ എല്ലാ അഡ്വാൻസുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
2. വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ 3 ഗഡുക്കളിലായി ആകെ 14582000/- രൂപ വരവുണ്ട്. ഇതിൽ 275839/- രൂപ വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശികയായി ഉറവിടത്തിൽ കറവ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത തുക ഉൾപ്പെടുത്താതെയാണ് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ ഈ ഇനത്തിലുള്ള വരവ്/ചെലവ് നിർണ്ണയിച്ചിട്ടുള്ളത്. തന്മൂലം 2018-19 ലെ വാർഷിക കണക്ക് യഥാർത്ഥ ധനസ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് കാണുന്നു.

## 1-13 വസ്തു നികുതി ഡിമാന്റിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങളില്ല

തലവടി ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം 100% വസ്തുനികുതി പിരിവാണ് നടന്നിട്ടുള്ളത്. വാർഷിക കണക്ക്, മാന്വൽ ഡി.സി.ബി പത്രിക, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവയിൽ വസ്തുനികുതി സംബന്ധമായി വ്യത്യസ്ത കണക്കുകളാണുള്ളത്. ഓഡിറ്റിന് ഹാജരാക്കിയ വാർഷിക കണക്കുകൾ പ്രകാരം പഞ്ചായത്തിന് 2017-18 സാമ്പത്തിക വർഷത്തെ (ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം) വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ആകെ പിരിഞ്ഞുകിട്ടാനുള്ള തുക 1138152/- രൂപയായിരുന്നു. ഇത് വാസഗൃഹങ്ങളുടെ

നികുതി കുടിശ്ശിക 546228/- രൂപയും താമസേതര കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 591924/- രൂപയും ഉൾപ്പടെയാണ്. ഇതിൽ വാസഗൃഹങ്ങളുടെ നികുതി കുടിശ്ശിക യായി 2,08,066/- രൂപയും താമസേതര കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക 58,374/- രൂപയുമടക്കം ആകെ 2,66,440/- രൂപ മാത്രമാണ് പഞ്ചായത്തിന് കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനായത്. ഇത് ആകെ കുടിശ്ശികയുടെ 23.41% മാത്രമാണ്. 2017-18 വാർഷിക കണക്കുകൾ പ്രകാരം തൻവർഷ നികുതി ഡിമാന്റ് 28,87,753/- രൂപ ഉള്ളപ്പോൾ 24,84,439/- രൂപ മാത്രമാണ് 2018-19 ൽ ഉൾപ്പെടുത്തിയിരുന്നത്. തൻവർഷ നികുതി ഡിമാന്റിൽ മാത്രം കഴിഞ്ഞ വർഷത്തേക്കാൾ 4,03,314/- രൂപയുടെ കുറവുണ്ട്. ഈ സാഹചര്യത്തിലാണ് പഞ്ചായത്ത് 100% നികുതി പിരിവ് നേടിയതായി വാർഷിക കണക്കുകളിലുള്ളത്. കുടിശ്ശിക ലഭിക്കാനുള്ള 871712/- രൂപ (113812-266440), തൻവർഷ നികുതി ഡിമാന്റിൽ വന്ന കുറവ് 4,03,314/- രൂപ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. പഞ്ചായത്ത് 100% നികുതി പിരിവ് അവകാശപ്പെടുമ്പോഴും റവന്യൂറിക്കവറിക്ക് നൽകിയിട്ടുള്ള വസ്തുനികുതി ഡിമാന്റ് സംഖ്യ 1,13,160/- രൂപ കൂടി പിരിച്ച നികുതിയോട് ചേർത്താണ് പഞ്ചായത്ത് ആകെ കളക്ഷൻ കണക്കാക്കിയിട്ടുള്ളത്. യഥാർത്ഥ നികുതി പിരിവ് നടന്നിട്ടില്ലാത്തതിനാൽ ഇത് കളക്ഷനായി കണക്കാക്കുന്നത് ക്രമപ്രകാരമല്ല. കൂടാതെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ I-18 പ്രകാരം വാസഗൃഹങ്ങളുടെ ഡിമാന്റിൽ നിന്നും 327758/- രൂപയും താമസേതര കെട്ടിടങ്ങളുടെ ഡിമാന്റിൽ നിന്നും 528728 രൂപയും കുറവ് വരുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദവിവരങ്ങളോ നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ തീരുമാനങ്ങളോ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/4.3.2020) നൽകിയെങ്കിലും രേഖകളോ വിശദീകരണമോ ഹാജരാക്കിയില്ല.നികുതി വരവ് പൊതുവേ കുറവായ ഗ്രാമപഞ്ചായത്തിന്റെ ആകെ നികുതി ഡിമാന്റിൽ നിന്നും 13.73 ലക്ഷം രൂപയോളം ഒഴിവായത് സംബന്ധിച്ച് പഞ്ചായത്ത് ധനകാര്യ സ്ഥിരം സമിതി, പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ ഹാജരാക്കാത്തത് ഗൗരവതരമാണ്. ഇത് സംബന്ധിച്ച് ആവശ്യമായ നടപടികൾക്കായി വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധയിൽപെടുത്തുന്നു.

## 1-14 വിവിധ സ്കീം ബാങ്ക് അക്കൗണ്ടുകൾ- നിഷ്ക്രിയമായി തുടരുന്നു

ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു. ട്രഷറി മുഖാന്തിരവും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായും മറ്റ് സ്കീമുകൾ വഴിയും ലഭിക്കുന്ന തുകകൾ ഈ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് അതിൽ നിന്നാണ് ചെലവഴിച്ചിരുന്നത്. ഇതിൽ പല പദ്ധതികളും നിർത്തലാക്കിയതു മുതൽ ഈ അക്കൗണ്ടുകളുടെ പ്രസക്തി ഇല്ലാതായെങ്കിലും വിവിധ അക്കൗണ്ടുകൾ നിലവിലും തുടരുന്നതായും പല അക്കൗണ്ടുകളിലും നീക്കിയിരിപ്പുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ട്രഷറിയിൽ നിന്നും പണം മാറി ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുകയും പിന്നീട് മാത്രം ചെലവഴിക്കുകയും ചെയ്തിരുന്ന സമയത്ത് ബാങ്ക് പലിശയിനത്തിൽ ലഭിച്ച തുകയും അതിന്റെ പലിശയുമാണ് ഈ അക്കൗണ്ടുകളിലെ നീക്കിയിരുപ്പായി പ്രധാനമായും വരുന്നത്. ഈ തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വരുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനാകാത്ത സ്ഥിതിയാണ്.ഈവിധം സൂക്ഷിക്കുന്ന അക്കൗണ്ടുകളുടെ 2019 മാർച്ച് 31 ലെ നീക്കിയിരുപ്പ് വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ് ഫണ്ട്- എസ്.ബി.എം- 407495/-

I.O.B SGRY Drought-96524/-

I.O.B കുട്ടനാട് പാക്കേജ് -282475/-

I.O.B SGRY -1418/-

I.O.B എസ്.എസ്.എ-9463/-

ഇത് കൂടാതെ ട്രഷറി റ്റി.എസ്.ബി, I.O.B തനത് ഫണ്ട് ,എസ്.ബി.ഐ ഇ-പേയ്മെന്റ് എന്നീ തനത്ഫണ്ട്

അക്കൗണ്ടുകളിലും ട്രഷറി ownfund VPFA 1_2 എന്ന പേരിൽ സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിലും 404244/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിലെ നീക്കിയിരുപ്പിന്റെ വിശദാംശങ്ങൾ പരിശോധിച്ച് തനത് ഫണ്ടിൽ ഉൾപ്പെടുന്നതാണെങ്കിൽ നിയമാനുസൃതം നിലവിലെ പഞ്ചായത്ത് തനത്ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി പഴയ അക്കൗണ്ട് നിർത്തലാക്കാവുന്നതാണ്. വിവിധ സ്കീമുകളുടെ പേരിൽ നിലവിലുള്ള മറ്റ് എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരങ്ങൾ സർക്കാരിൽ അറിയിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2018-19 ൽ പെർമിറ്റില്ലാതെ നിർമ്മിച്ച, പെർമിറ്റ് ബാധകമായ നിയമാനുസൃത പരിധിക്ക് മുകളിലുള്ള താമസ, വാണിജ്യ, വ്യാവസായിക, ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, പിന്നീട് ഫീസ് ഈടാക്കി ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സെക്രട്ടറി 229813/ആർ.ഡി2/2016 നമ്പർ കത്തുപ്രകാരം നൽകിയ സ്പഷ്ടീകരണം അനുസരിച്ച് പെർമിറ്റ് എടുത്തശേഷം നിർമ്മാണസമയത്ത് അധികം നിർമ്മാണം നടത്തുന്നതിനുള്ള ക്രമവത്ക്കരണവും പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതും വ്യത്യസ്തമാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്ത് നിർമ്മാണം തുടങ്ങിയശേഷം അംഗീകൃത പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങൾക്ക് രാജിയാക്കൽ ഫീസാണ് ഈടാക്കേണ്ടത്. പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങാണ് രാജിയാക്കൽ ഫീസ്. എന്നാൽ പെർമിറ്റ് വാങ്ങാതെ (പെർമിറ്റ് ഫീസടക്കാതെ) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്. നിലവിൽ ഇത്തരം കെട്ടിടങ്ങൾക്കും രാജിയാക്കൽ ഫീസ് മാത്രമാണ് പഞ്ചായത്ത് ഈടാക്കി വരുന്നത്. ഇതു മൂലം ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരുന്നുണ്ട്. 2018-19 ൽ ഈവിധം കുറഞ്ഞ ഫീസീടാക്കിയ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗം | ഈടാക്കേണ്ട ഫീസ്(പാർപ്പിടം@3/$m^2$, വാണിജ്യം@5/$m^2$) | ഈടാക്കിയ ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ജേക്കബ് മാത്യു കൊല്ലംചിറ, ആനാപ്രാൽ | 165.29 ച.മീ | പാർപ്പിടം | 1488/- | 992/- | 496/- |
| 2 | അലക്സാണ്ടർ കുഞ്ഞമ്മ, കുറുവേലിൽ ആനപ്രാമ്പിൽ | 217.53 ച.മീ | പാർപ്പിടം | 1958/- | 1306/- | 652/- |
| 3 | പുരുഷൻ, വട്ടാടിച്ചിറയിൽ, തലവടി | 104.4 ച.മീ | പാർപ്പിടം | 940/- | 463/- | 477/- |
| 4 | സുനിൽ, വിളക്കുവട്ടം, തലവടി | 120 ച.മീ | പാർപ്പിടം | 1080/- | 720/- | 360/- |
| 5 | എം.സി.മോഹൻ, വടക്കേമുറി കൊല്ലംമുറി | 14.70 ച.മീ | ഓഫീസ് | 221/- | 147/- | 74/- |

| | | | | | | |
|---|---|---|---|---|---|---|
| | അഞ്ചിൽ, തലവടി | | | | | |
| 6 | എബ്രഹാം തോമസ് ശ്രാമ്പിക്കൽ, നീരേറ്റുപുറം | 5.46 ച.മീ | വാണിജ്യം | 82/- | 55/- | 27/- |
| 7 | ദീലീപ് കുമാർ, കാഞ്ഞിരടിയിൽ, തലവടി പി.ഒ | 16.38 ച.മീ | വാണിജ്യം | 246/- | 164/- | 82/- |
| 8 | മധുകുമാർ, ശ്രീവത്സം, നടുവിലേപ്പറമ്പ് | 69.22 ച,മീ | വാണിജ്യം | 1038/- | 692/- | 346/- |

എന്നാൽ മേൽ ഫയലുകളിൽ നിന്നും വ്യത്യസ്തമായി 2018-19 ൽ തന്നെ പെർമിറ്റ് വാങ്ങാതെ നിർമ്മാണം പൂർത്തിയാക്കിയ ശ്രീ.ബിനുതോമസ് & ഷീബ വർഗ്ഗീസ്, അഞ്ചിൽ വീട്ടിൽ, തലവടി എന്നയാളുടെ 213 ച.മീ വിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള കെട്ടിടം ക്രമവത്ക്കരിച്ചപ്പോൾ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഉൾപ്പടെ 1917/- രൂപ ഈടാക്കിയിട്ടുണ്ട്. മറ്റ് എല്ലാ ഫയലുകളിലും മേൽ പട്ടിക പ്രകാരമുള്ള കുറഞ്ഞ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇക്കാര്യങ്ങൾ പരിശോധിച്ച് സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനസ്രോതസ്സുകളിൽ വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-16 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അർദ്ധവാർഷിക പത്രിക, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. **സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. തലവടി SCB - രണ്ടാം അർദ്ധവർഷം -1250 രൂപ
2. കൊല്ലംമുറി ഫിനാൻസ്- രണ്ടാം അർദ്ധവർഷം -1250 രൂപ
3. പോപ്പുലർ ഫിനാൻസ്- രണ്ടാം അർദ്ധവർഷം -1250 രൂപ
4. റിലയൻസ് SMSL- രണ്ടാം അർദ്ധവർഷം -1250 രൂപ

2. **ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ) റേഷൻ കട നടത്തുന്നവർക്ക് സർക്കാർ മിനിമം വേതനം നിർണ്ണയിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ വേതന നിരക്കുകൾ തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ ഉൾപെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ബി) പഞ്ചായത്തിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള പാലിയേറ്റീവ് നഴ്സിന് പ്രതിമാസം 15,000/- രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. എന്നാൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സി) പഞ്ചായത്തിൽ നിയമിച്ചിട്ടുള്ള സി.ഡി.എസ് അക്കൗണ്ടന്റിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. നിലവിലെ മിനിമം വേതന നിരക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ കരാർ, ദിവസ വേതന നിരക്കുകളും തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ ഉൾപെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങളും നികുതിയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത തസ്തികകളുടെ എണ്ണം, ഒഴിവ്, പകരമുള്ള നിയമനം എന്നിവ പരിശോധിക്കപ്പെടുന്നില്ല.

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങൾ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-17 സ്വകാര്യമേഖലയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള ചെറുകിട വ്യവസായ/വാണിജ്യ/സേവന മേഖലകളിലെ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു വ്യക്തമായിട്ടുണ്ട്. സ്വകാര്യമേഖലയിലെ വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനപ്രകാരം ഇവരെല്ലാവരും നിലവിലെ തൊഴിൽ നികുതി സ്ലാബിൽ ഉൾപ്പെടുന്നവരാണ്. പ്രതിമാസം 2000 രൂപ വരുമാനമുള്ളവർ തൊഴിൽ നികുതി നൽകുന്നതിന്റെ മിനിമം വരുമാന പരിധിയിൽ ഉൾപ്പെടുന്നതിനാൽ സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കൂടി തൊഴിൽ നികുതി ബാധകമാക്കുന്നത് പരിഗണിക്കേണ്ടതാണ്. ലൈസൻസ് അപേക്ഷ പ്രകാരം വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഷൈമാസ് ഹോണ്ട | 20 (നിലവിൽ നികുതി നൽകുന്നവർ 10 മാത്രം) |
| 2 | ലിസെല്ലോ ഇൻഡേൻ സർവ്വീസസ് | 4 |
| 3 | പ്ലാച്ചേരിൽ ആയുർവേദ | 3 |
| 4 | തലവടി SCB വളം, കീടനാശിനി ഡിപ്പോ | 3 |
| 5 | മൈത്രി സൂപ്പർമാർക്കറ്റ് | 3 |

| | | |
|---|---|---|
| 6 | ദിവ്യ ഹോളോബ്രിക്സ് യൂണിറ്റ് | 5 |
| 7 | ഭദ്രാ ഫ്യൂവൽസ് | 3 |

സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന വിവരങ്ങളിന്മേൽ അന്വേഷണം നടത്തി 60 ദിവസത്തിൽ കൂടുതൽ ദിവസങ്ങളിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. സിമന്റ് ബ്രിക്സ് നിർമ്മാണം, വളം, കീടനാശിനി വില്പന മേഖലയുൾപ്പടെയുള്ള സ്വകാര്യമേഖലയിലെ പല സ്ഥാപനങ്ങളിൽ ഒന്നുപോലും നിലവിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല.
ഇക്കാര്യങ്ങൾ പരിശോധിച്ച് സ്വകാര്യസ്ഥാപനങ്ങളിലെ തൊഴിൽ നികുതി ബാധകമായ ജീവനക്കാരിൽ നിന്നും കൂടി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-18 വ്യാപാര,സംരംഭക ലൈസൻസ് നൽകൽ -അപാകങ്ങൾ

1. 1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തലവടി ഗ്രാമപഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 144 സ്ഥാപനങ്ങളും 2017-18 ൽ 111 സ്ഥാപനങ്ങളും 2018-19 ൽ 119 സ്ഥാപനങ്ങളുമാണ് ലൈസൻസ് വാങ്ങിയിട്ടുള്ളത്. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞ് വരുകയാണ്. പഞ്ചായത്ത് പരിശോധനക്ക് ലഭ്യമാക്കിയ വാർഡടിസ്ഥാനത്തിലുള്ള 2018-19 ലെ ട്രേഡേഴ്സ് ലിസ്റ്റിൽ 106 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഇതിനേക്കാൾ കൂടുതൽ സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിരുന്നു. അതിനാൽ തന്നെ സ്ഥാപനങ്ങൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു.

2. 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമാകണം. ലൈസൻസിനുള്ള ഫയൽ പരിശോധനയിൽ നിലവിൽ ലൈസൻസ് എടുക്കുന്ന വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ഈ സമയ പരിധി പാലിക്കുന്നത്.

3. 1996 ലെ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു മാവേലി സ്റ്റോർ, വിവിധ വാർഡുകളിലുള്ള റേഷൻ ഡിപ്പോകൾ, (പട്ടിക ക്രമ നം-149), അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), 2 പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല.

4. ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 6 പ്രകാരം പ്രസിഡന്റാണ് ലൈസൻസ് അനുവദിക്കുന്നത്. ഫയൽ പരിശോധനയിൽ പ്രസിഡന്റ് ഈ അനുമതി നൽകുന്ന വിവരം രേഖപ്പെടുത്തുന്നില്ല.

5. ചട്ടങ്ങളിൽ വന്ന ഭേദഗതി (ചട്ടം 12(2)) പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസിനുള്ള അപേക്ഷകളിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും വിവരങ്ങളും ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ

ചില അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല.

6. നിശ്ചിത സമയപരിധിക്കകം (ചട്ടം 19, 22) സമർപ്പിക്കാത്ത അപേക്ഷകളിൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കാവുന്നതാണ്.അതുപോലെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക 3 പ്രകാരമുള്ള ഫീസും ഈടാക്കേണ്ടതാണ്. ഈ വിധം ഫീസീടാക്കുന്ന വിവരങ്ങൾ നിലവിൽ ഉപയോഗിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കൂടിയ നിരക്കിൽ ലംപ്സം തുക ഉൾപ്പെടുത്തുന്നു

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 1601.1.2.VII പ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കഴിയുന്നതും പെറ്റി ഐറ്റത്തിനൊഴികെ ലംപ്സം തുക ഒഴിവാക്കണമെന്നും ഉൾപ്പെടുത്തുന്ന ലംപ്സം തുക എസ്റ്റിമേറ്റ് തുകയുടെ 5% കവിയരുതെന്നും നിഷ്കർഷിച്ചിരിക്കുന്നു. തലവടി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് ഡീറ്റെയിൽഡ് എസ്റ്റിമേറ്റിൽ കൂടിയ നിരക്കിൽ ലംപ്സം തുക ഉൾപ്പെടുത്തുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റിൽ ഏർപ്പെട്ടതിനു ശേഷം ഈ ലംപ്സം തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നല്കുന്നതായും കാണുന്നു. ശരിയായ രീതിയിൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് കൂടുതൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിന് തടസ്സമാകുകയും നിശ്ചിത കരാറുകാർ മാത്രം ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് ഇടവരുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ നിർവഹിച്ച പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | എസ്റ്റിമേറ്റ് തുക | ലംപ്സം തുക (എസ്റ്റിമേറ്റ് തുകയുടെ %) | ചെലവ് |
|---|---|---|---|---|
| 1 | 157/19-നീരേറ്റുപുറം മാർക്കറ്റ് മുതൽ പുതുരുത്തി വരെ തോട് ആഴംകൂട്ടി വൃത്തിയാക്കുന്നു | 414765 | 49019 (11.82%) | 457746/- (നം.7 തീയതി.29.5.18, 25 തീയതി.3.12.18) |
| 2 | 153/19- വാർഡ് 6 ചേരിത്തോട് മാലിന്യമുക്തമാക്കൽ- തോട് മണിമലയാറുമായി ബന്ധിപ്പിക്കൽ | 1149492 | 115308 (10.03%) | 1144602 (നം.26 തീയതി.12.12.18) |
| 3 | 167/19- തലവടി ഗവ. ഹൈസ്കൂൾ നമ്പാലശ്ശേരി വരെ റീ ടാറിങ്ങ് | 318792 | 35948 (11.28%) | 353939/- (നം.57 തീയതി.22.3.19) |

ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/05.03.2020) മറുപടി ലഭ്യമാക്കിയില്ല].

## 1-20 കരാറിലേർപ്പെടുന്നതിന് നിയമ പ്രകാരമുള്ളതിലധികം സമയം അനുവദിച്ചു

പ്രോജക്ട് നം.169/19

പ്രോജക്ടിന്റെ പേര്: വാർഡ് 5-ൽ മുത്താരമ്മൻ കോവിൽ നെടുംകാട്ടുകളം കലുങ്കു വരെ റീടാറിംഗ്.

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് -248491/- രൂപ (ട്രഷറി ബിൽ നം.68/18-19 തീയതി. 26.03.2019)

എഗ്രിമെന്റ് നം.55/AE/LSGD/TLDY തീയതി. 02.03.2018

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഒരു കരാറുകാരന് കരാറിലേർപ്പെടുന്നതിന് അനുവദനീയമായ പരമാവധി സമയം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 24 ദിവസമാണ്. ഏറ്റവും കുറവ് തുക വാഗ്ദാനം ചെയ്ത കരാറുകാരൻ ടി കാലയളവിനുള്ളിൽ കരാറിലേർപ്പെർപ്പെടുന്നതിൽ പരാജയപ്പെട്ടാൽ ടിയാൻ ഒടുക്കിയ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും, തൊട്ടടുത്ത കുറഞ്ഞ തുക വാഗ്ദാനം ചെയ്ത കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്ത് വീഴ്ച വരുത്തിയ കരാറുകാരൻ വാഗ്ദാനം ചെയ്ത നിരക്കിൽ ടിയാൾ ചെയ്യാൻ സന്നദ്ധനാണെങ്കിൽ ടിയാൾക്ക് കോൺട്രാക്ട് നല്കേണ്ടതും അല്ലാത്ത പക്ഷം റീ-ടെണ്ടർ ചെയ്യേണ്ടതുമാണെന്ന് പറഞ്ഞിരിക്കുന്നു.

തലവടി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ആവിഷ്കരിച്ച് 2018-19 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയ മേൽ പദ്ധതിയുടെ സെലക്ഷൻ നോട്ടീസ് (നം.45/17-18 തീയതി.22.01.2018) പ്രകാരം 12.02.2018 വരെയായിരുന്നു കരാറിലേർപ്പെടുന്നതിന് (ഫൈനോടു കൂടി) കരാറുകാരന് അനുവദിച്ചിരുന്ന പരമാവധി സമയം. എന്നാൽ ടിയാൻ കരാറിലേർപ്പെട്ടിരിക്കുന്നത് 02.03.2018-ൽ മാത്രമാണ്. പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരന് കരാറിലേർപ്പെടുന്നതിന് അധിക സമയം അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/5.3.2020 )മറുപടി ലഭ്യമാക്കിയില്ല].

## 1-21 65 വയസ്സിന് മുകളിലുള്ള വൃദ്ധർക്ക് കട്ടിൽ- കുറഞ്ഞ തുക അംഗീകരിച്ചില്ല

1. പ്രോജക്റ്റിന്റെ പേര് : 65 വയസ്സിന് മുകളിലുള്ള വൃദ്ധർക്ക് കട്ടിൽ

പ്രോജക്റ്റ് നം. :10/19

അടങ്കൽ : വികസന ഫണ്ട് -318830/- രൂപ

ചെലവ് : 1,18,500/- (ട്രഷറി ബിൽ നം.28 തീയതി. 22.03.2019- 98750/-

ട്രഷറി ബിൽ നം.29 തീയതി. 22.03.2019- 19750/-)

നിർവഹണം- സെക്രട്ടറി

2. പ്രോജക്റ്റിന്റെ പേര് : 65 വയസ്സിന് മുകളിലുള്ള വൃദ്ധർക്ക് കട്ടിൽ(എസ്.സി)

പ്രോജക്റ്റ് നം. : 209/19

അടങ്കൽ : വികസന ഫണ്ട് (എസ്.സി.പി)-175000/- രൂപ

ചെലവ് : 1,69,850/- (ട്രഷറി ബിൽ നം.7 തീയതി.26.03.2019- 1,69,850/-)

നിർവഹണം- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതികൾ പ്രകാരം കട്ടിലുകൾ വിതരണം ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തിരുന്നത് പ്ലാസ എന്റർപ്രൈസസ് (3290/- രൂപ) എന്ന സ്ഥാപനമാണ്. എന്നാൽ വാങ്ങിയിരിക്കുന്നത് 3950/- രൂപ നിരക്കിൽ ക്വോട്ട് ചെയ്ത മുണ്ടിക്കുന്നേൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ആണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീയതി. 05.03.2020) നല്കിയ മറുപടി താഴെ ചേർക്കുന്നു.

ഈ പ്രോജക്ടുകൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ അംഗീകരിച്ച സ്ഥാപനങ്ങൾ ലഭ്യമാക്കിയ സാമ്പിളുകൾ ഒട്ടും

തന്നെ ഗുണമേന്മയില്ലാത്തതിനാൽ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചെന്നും ആയതിൽ ലഭിച്ച കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനം ലഭ്യമാക്കിയ സാമ്പിൾ ഒട്ടും തന്നെ ഗുണമേന്മയില്ലാത്തതിനാൽ രണ്ടാമത്തെ കുറഞ്ഞ തുക ഓഫർ ചെയ്ത സ്ഥാപനത്തെ പരിഗണിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനിച്ചതാണെന്നും അറിയിച്ചു.

എന്നാൽ ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ട പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിട്സ് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലും വ്യക്തതയില്ല.ആയതിനാൽ പ്രൊക്യുവർമെന്റ് കമ്മറ്റി മിനിട്സ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-22 മരുന്നുകൾ പൂർണമായും ലഭ്യമായില്ല

തലവടി ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അഡ്വാൻസ് നൽകിയിട്ടുണ്ട്. അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ബിൽ നം. | തുക |
|---|---|---|---|
| 1 | പാലിയേറ്റീവ് പ്രോജക്ട് നം-16 | 13/04.02.2019 | 10000 |
| | | 14/04.02.2019 | 9000 |
| | | 18/14.03.2019 | 4400 |
| | | ചെക്ക് നം.647192 തീയതി.29.03.19 | 149997 |
| | ആകെ | | 173397 |

ഇതിൽ 4400/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി.10.03.2020) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകാത്തതിനാൽ 4400/- രൂപയുടെ ചെലവ് കഴിച്ച തുകയായ 168997/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-23 ഭവന പുനരുദ്ധാരണം - മുൻകൂർ നൽകിയ പ്രവർത്തികളിൽ മൂല്യനിർണ്ണയം നടത്തിയില്ല

തലവടി ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ എസ്.സി (വീട് വാസയോഗ്യമാക്കൽ-പ്രോജക്ട് നം 34/19) എന്ന പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീമതി മഞ്ജുഷ, പുഷ്കരൻ, ആറിൽച്ചിറ, വാർഡ്-14 എന്നയാൾക്ക് ആകെ ധനസഹായമായ 75,000/- രൂപയിൽ 50% തുകയായ 37500/-രൂപ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അഡ്വാൻസായി 2018-19 സാമ്പത്തിക വർഷത്തെ ട്രഷറി ബിൽ നം-16/18-19 ൽ ഉൾപ്പെടുത്തി (ഗ്രോസ് Rs.112500/- c/o 29/12/2018) മാറി നൽകിയിരുന്നു. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അഡ്വാൻസ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ആയതിനാൽ ഗുണഭോക്താവ് അഡ്വാൻസ് കൈപ്പറ്റിയ തുകയ്ക്ക് പ്രവൃത്തി ചെയ്തുവെന്ന വിവരം ഉറപ്പാക്കാനാകുന്നില്ല. മുൻകൂർ നൽകിയ തുകയുടെ വിനിയോഗം ഉറപ്പുവരുത്താത്ത സാഹചര്യത്തിൽ അഡ്വാൻസ് നൽകിയ 37500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി നിർവ്വഹണ വിവരം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-24 കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾ- ചെലവ് രേഖ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി (ആരോഗ്യജാഗ്രത) വാർഡ് തലത്തിൽ 2018-19 സാമ്പത്തിക വർഷം ലഭിച്ച 150000/-രൂപ (10,000/- രൂപ വീതം 15 വാർഡിൽ) ഓരോ വാർഡ് സാനിറ്റേഷൻ സമിതി ചെയർമാൻമാരുടെയും കൺവീനർമാരുടേയും അക്കൗണ്ടിലേക്ക് (Voucher -21800154 dtd 11/06/18 ചെക്ക് 998935 dtd 11/06/18) നൽകിയിരുന്നു. എന്നാൽ ഈ തുക വിനിയോഗിച്ചതിന്റെ വിവരങ്ങളോ, വൗച്ചർ, പാസ്സ്ബുക്ക് ഉൾപ്പടെയുള്ള ചെലവു വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 12/5.3.2020) നൽകിയെങ്കിലും പഞ്ചായത്ത് 6-ാം വാർഡിൽ ചെലവഴിച്ച 10,000/- രൂപയുടെ രേഖകൾ മാത്രമാണ് ഹാജരാക്കിയത്. മറ്റ് വാർഡുകൾക്ക് നൽകിയ തുകയുടെ വിനിയോഗരേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ നൽകിയ 1,40,000/- (14 x 10,000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാർഡ് തല ശുചീകരണപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച തുകയുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-25 ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

തലവടി ഗ്രാമപഞ്ചായത്തിൽ 2018-19 ലെ ലൈഫ് ഭവനപദ്ധതി സംബന്ധിച്ച ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ-യുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിനായി മുൻകൂറായി തുക കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല/ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ/ചെക്ക് നം. തീയതി |
|---|---|---|---|---|
| 1 | 6/19 ലൈഫ് മിഷൻ ഭവനനിർമ്മാണം- ജനറൽ | ശ്രീമതി.പ്രഭാവതി കുട്ടകുത്തിപ്പറമ്പിൽ-വാർഡ് 12<br>(കരാർ തീയതി -05/07/18) | 40,000 | 05/18-19 Rs.18,00,000<br>dtd 13.07.18 |
| 2 | 6/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം (ജനറൽ) | ശ്രീമതി.ബിന്ദു, മണലേൽപ്പറമ്പിൽ, വാർഡ് 6 (കരാർ തീയതി -30/07/18) | 40,000 | 09/18-19<br>200000/-dtd.25/10/18 |
| 3 | 6/19ലൈഫ് മിഷൻ-ഭവനനിർമ്മാണം | ശ്രീമതി.കനകമ്മ മോഹനൻ, പറവുങ്കൽ, വാർഡ് 11 (കരാർ തിയതി -20/06/18)എന്നിവ | 40000 | 05/18-19 Rs.18,00,000<br>dtd 13.07.18 |
| 4 | 7/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം -SC | ശ്രീമതി.മങ്ക, മണമേൽപ്പറമ്പിൽ, വാർഡ് 8<br>(കരാർ തിയതി -22/06/18) | 40000 | 04/18-19 Rs.120000 dt 12.07.18 |
| 5 | 7/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം -SC | ശ്രീമതി.ശാന്തമ്മ, ഉണ്ടിച്ചിറയിൽ, വാർഡ്-12<br>(കരാർ തിയതി -20/06/18) | 40000<br>160000 | 04/18-19 Rs.120000 dt 12.07.18<br>10/18-19 Rs.320000 dtd 27/11/18 |
| 6 | 6/19 ലൈഫ് മിഷൻ-ഭവനനിർമ്മാണം | ശ്രീമതി.ശാന്തമ്മ, ഉണ്ടിച്ചിറയിൽ, വാർഡ്-12 | 40000<br>160000 | 05/18-19<br>Rs.18,00,000dtd.13.07.18<br>Hudco Loan-504520740119006 |

| | | | | |
|---|---|---|---|---|
| | | | | dtd 13.07.18 |

ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പലരും അഡ്വാൻസ് കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ നിർമ്മാണം ആരംഭിക്കുക പോലും ചെയ്തിട്ടില്ല. അഡ്വാൻസ് നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി ഭരണസമിതി തലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-26 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ -പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, പെൻഷൻ അനുവദിക്കുന്നതിൽ സർക്കാർ മാനദണ്ഡപ്രകാരമുള്ള സമയക്രമം കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. പല പെൻഷൻ രജിസ്റ്ററുകളിലും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെയുമുണ്ട്. അതിനാൽ തന്നെ അപേക്ഷകന് നിശ്ചിത സമയത്തിനകം പെൻഷൻ ലഭിച്ചോ എന്നതിന്റെ പരിശോധന സാധ്യമാകുന്നില്ല. ഉദാ: വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിവയിൽ അപേക്ഷ സ്വീകരിച്ച തീയതിയും തീർപ്പാക്കിയതിന്റെ വിവരവും (തീയതി രേഖപ്പെടുത്തിയിട്ടില്ല) മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ അന്വേഷണത്തിന് നൽകിയ തീയതി, തിരികെ ലഭിച്ച തിയതി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പെൻഷൻ പരിഗണിച്ച തീയതി, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച വിവരം എന്നിവ രേഖപ്പെടുത്തപ്പെടുന്നില്ല. പെൻഷൻ സംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനം കൃത്യമായല്ല നടക്കുന്നത്. ഓരോ പെൻഷന്റെയും അപേക്ഷ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദവിവരങ്ങൾ, അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി, റിപ്പോർട്ട് ലഭ്യമായ തീയതി, റിപ്പോർട്ടിന്റെ സംക്ഷിപ്തം, ശുപാർശ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച വിവരം, കമ്മിറ്റി തീരുമാനം, പെൻഷൻ അനുവദിച്ച തീയതി എന്നിങ്ങനെയുള്ള വിവരങ്ങൾ ഓരോ അപേക്ഷ സംബന്ധിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മറ്റ് പെൻഷനുകളിലും സ്വീകരിച്ച അപേക്ഷകൾ അന്വേഷണത്തിനായി നൽകുന്നതിലും അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുന്നതിലും പെൻഷൻ അനുവദിക്കുന്നതിലുമെല്ലാം കാലതാമസം ഉണ്ടാവുന്നുണ്ട്. സർക്കാർ മാനദണ്ഡപ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്. എന്നാൽ പല പെൻഷനുകളും തന്നെ ഇരട്ടിയോളം സമയം എടുത്താണ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്. അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി (ഉദ്യോഗസ്ഥർ അപേക്ഷ കൈപ്പറ്റിയ തിയതി), റിപ്പോർട്ട് ലഭ്യമായ തീയതി എന്നിവ പല രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. ഏതാനും അപേക്ഷകളും അവ പ്രകാരം പെൻഷൻ അനുവദിച്ചതിന്റെ വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു.

| നം | പെൻഷൻ ഇനം | ഗുണഭോക്താവിന്റെ പേര് | അപേക്ഷ തീയതി | അപേക്ഷ അന്വേഷണത്തിന് ശേഷം ലഭിച്ച തീയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|---|---|
| 01 | വികലാംഗ പെൻഷൻ | ബിന്ദുരാജൻ, മാമൂട്ടിൽ, കാരിക്കുഴി | 11/05/18(സി-5-2507/18) | 30/11/2018 | രേഖപ്പെടുത്തലില്ല |
| | | സുനുസാം,മാമൂട്ടിൽ, കാരിക്കുഴി | 16/05/18 (സി-5-2575/18) | 30/11/2018 | രേഖപ്പെടുത്തലില്ല |
| | | അനന്ദുഅനിൽകുമാർ, നെല്ലിശ്ശേരിൽ, നീരേറ്റുപുറം | 05/01/19 (സി-5-78/19) | 21/05/2019 | രേഖപ്പെടുത്തലില്ല |
| | | സുഷമ, 12-ൽച്ചിറ തലവടി | 01/10/18 (സി-5-4281/18) | 30/11/2018 | രേഖപ്പെടുത്തലില്ല |

| | | | | | |
|---|---|---|---|---|---|
| 02 | കർഷകത്തൊഴിലാളി പെൻഷൻ | ദാസപ്പൻ,ഇടപ്പള്ളിപ്പറമ്പിൽ തലവടി | 29/09/18 (4266/18) | 31/01/2019 | രേഖപ്പെടുത്തലില്ല |
| | | സരള പൊന്നപ്പൻ നാല്പതിൽച്ചിറ കന്തിരിക്കൽ | 06/10/18 (4384/18) | 31/01/2019 | രേഖപ്പെടുത്തലില്ല |
| | | ബേബിവർഗ്ഗീസ്, പനക്കപ്പറമ്പിൽ, ആനപ്രാമ്പിൽ | 09/10/18 (4424/18) | 31/01/2019 | രേഖപ്പെടുത്തലില്ല |
| | | ശിവപ്രസാദ്, പയറ്റംപറമ്പിൽ, ആനപ്രാമ്പിൽ | 11/10/18 (4459/18) | 31/01/2019 | രേഖപ്പെടുത്തലില്ല |
| | | ചന്ദ്രമതി, നയ്യള്ളിപ്പറമ്പിൽ, തലവടി പി.ഒ | 12/10/18 (4474/18) | 31/01/2019 | രേഖപ്പെടുത്തലില്ല |

മറ്റ് അപാകങ്ങൾ

1. നിലവിൽ പെൻഷൻ വാങ്ങുന്നവരിൽ അർഹതാമാനദണ്ഡങ്ങൾ പ്രകാരം പിന്നീട് അയോഗ്യരാവുന്നവരെ കണ്ടെത്തി പെൻഷനിൽ നിന്നും ഒഴിവാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പലതവണ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം വിവിധ പെൻഷനുകളിൽ നിന്നും അന്വേഷണം നടത്തി അനർഹരെ ഒഴിവാക്കിയതിന്റെ വിശദാംശങ്ങളൊന്നും ഹാജരാക്കിയിട്ടില്ല.
2. സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവ വഴി നേരിട്ട് വീട്ടിൽ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്ന സാഹചര്യത്തിൽ, അവരുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി പെൻഷൻ കൈപ്പറ്റാത്തവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും പഞ്ചായത്ത് പെൻഷൻ വിതരണത്തിന് ചുമതലയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നില്ല. ഇത് മൂലം അനർഹമായി പെൻഷൻ വിതരണം ചെയ്യപ്പെടുന്നത് പരിശോധിക്കാനാവുന്നില്ല.
3. ബാങ്ക് അക്കൗണ്ടുകൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താവ് മരണപ്പെടുന്ന സാഹചര്യത്തിൽ പെൻഷൻ റദ്ദുചെയ്യുന്നതിനും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനും നിലവിൽ നടപടിയൊന്നും സ്വീകരിച്ചുവരുന്നില്ല.
4. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിന് പോലും നിലവിൽ നടപടി സ്വീകരിക്കുന്നില്ല.

ഈ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-27 വാർഷിക കണക്കുകൾ-അഡ്വാൻസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് നൽകിയ വിവിധ അഡ്വാൻസുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

01) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-18 പ്രകാരമുള്ള അഡ്വാൻസുകൾ സംബന്ധിച്ച് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ശീർഷകങ്ങളിൽ അഡ്വാൻസ് നൽകിയ ഇനത്തിൽ മുൻബാക്കിയായി ഉൾപ്പെട്ടിട്ടുള്ള തുകകൾ സംബന്ധിച്ച വിശദാംശങ്ങളൊന്നും അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

| നം | ഇനം | വർഷാരംഭത്തിലുള്ള അഡ്വാൻസ് തുക | വർഷാവസാന അഡ്വാൻസ് തുക |
|---|---|---|---|
| 1 | Advance KSEB | 24,71,397 | 27,43,397 |
| 2 | Advance to K.W.A | 8,74,722 | 19,74,722 |
| 3 | Advance to Implementing Officers | 2500/- | 2500/- |

02) പഞ്ചായത്തിലെ ഗ്രാമീണ തൊഴിലുറപ്പ് വിഭാഗത്തിന്റെ ഭരണച്ചെലവുകൾക്കുള്ള തുക യഥാസമയം

ലഭ്യമാക്കാത്ത സാഹചര്യത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി ഈ വിഭാഗം ചെലവുകൾക്ക് തനത്ഫണ്ടിൽ നിന്നും അഡ്വാൻസ് നൽകി വരുന്നുണ്ട്. പിന്നീട് ഈയിനത്തിൽ തുക ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. തൊഴിലുറപ്പ് വിഭാഗത്തിന്റെ ഭരണച്ചെലവുകൾക്കുള്ള തുക ലഭിക്കുന്ന മുറക്ക് തനത്ഫണ്ടിലേക്ക് റീഇമ്പേഴ്സ്മെന്റ് ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ഇതുവരെ അഡ്വാൻസ് നൽകിയ തുക, തിരികെ ലഭിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

മുൻവർഷങ്ങളിൽ നിലനിൽക്കുന്ന അഡ്വാൻസുകളുടെ വിശദാംശങ്ങൾ, തുക നൽകിയ വർഷം, പ്രോജക്ട് നം, പദ്ധതിയുടെ പേര്, കരാർ വിശദാംശങ്ങൾ, പദ്ധതി പൂർത്തീകരിക്കാത്തതിന്റെ കാരണം/തുക തിരികെ ഈടാക്കാത്തതിന്റെ കാരണം എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള എല്ലാ അഡ്വാൻസുകളുടെയും നിക്ഷേപ പ്രവൃത്തികളുടേയും വിശദവിവരങ്ങൾ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% (മിനിമം- 1000/- രൂപ, മാക്സിമം- 25000/- രൂപ) ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. തലവടി ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും നിശ്ചിത നിരക്കിലുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| 1.പ്രോജക്ട് നം. | :158/19 |
| പ്രോജക്ടിന്റെ പേര് | :മണലേൽ പടി മുതൽ വളവുങ്കൽ പടി റോഡ് ടാറിംഗ് |
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | :05.02.2018 |
| കരാറിലേർപ്പെട്ട തീയതി | 07.02.2018 |
| കോൺട്രാക്ടറുടെ പേര് | :രമേഷ്.വി.ദേവ് |
| എഗ്രീഡ് പി.എ.സി | :198211/- |
| ചെലവ് | 198211/- രൂപ<br>ട്രഷറി ബിൽ നം.3 തീയതി.29.05.2018 |
| എഗ്രിമെന്റ് നം. | :*44/AE/TDY/17-18 തീയതി.07.02.2018* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | :198211x1% =1982/- രൂപ |

| | |
|---|---|
| 2.പ്രോജക്ട് നം. | :160/19 |
| പ്രോജക്ടിന്റെ പേര് | :വാർഡ് 15-ൽ ചങ്ങനാപടി പാടശേഖരത്തിന്റെ നാല്പതിൽച്ചിറ പടി കുന്നേൽപടി വരെ സംരക്ഷണ ഭിത്തി |
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | :05.02.2018 |
| കരാറിലേർപ്പെട്ട തീയതി | 07.02.2018 |
| കോൺട്രാക്ടറുടെ പേര് | :തോമസ് പ്രസാദ് അബ്രഹാം |
| എഗ്രീഡ് പി.എ.സി | :49295/- |
| ചെലവ് | 49295/- രൂപ<br>ട്രഷറി ബിൽ നം.11 തീയതി.31.05.2018 |
| എഗ്രിമെന്റ് നം. | :*45/AE/TDY/17-18 തീയതി.07.02.2018* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | :1000/- രൂപ (മിനിമം) |

| | |
|---|---|
| 3.പ്രോജക്ട് നം. | :174/19 |
| പ്രോജക്ടിന്റെ പേര് | :വാർഡ് 8-ൽ മുരിക്കോലമുട്ട് ബഥേൽ റോഡ് ബാക്കി സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് |

| | | |
|---|---|---|
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | : | 18.12.2017 |
| കരാറിലേർപ്പെട്ട തീയതി | | 26.12.2017 |
| കോൺട്രാക്ടറുടെ പേര് | : | സജീവ് കുമാർ.കെ.പി |
| എഗ്രീഡ് പി.എ.സി | : | 244472/- |
| ചെലവ് | | 244472/- രൂപ<br>ട്രഷറി ബിൽ നം.15,16 തീയതി.13.07.2018 |
| എഗ്രിമെന്റ് നം. | : | *34/AE/LSGD/TDLY/17-18 തീയതി.26.12.2017* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 1149492x1% =11495/- രൂപ |

| | | |
|---|---|---|
| 4.പ്രോജക്ട് നം. | : | 153/19 |
| പ്രോജക്ടിന്റെ പേര് | : | വാർഡ് 6 ചേരിത്തോട് മാലിന്യമുക്തമാക്കൽ- തോട് മണിമലയാറുമായി ബന്ധിപ്പിക്കൽ |
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | : | 19.12.2017 |
| കരാറിലേർപ്പെട്ട തീയതി | | 29.12.2017 |
| കോൺട്രാക്ടറുടെ പേര് | : | മനോജ് ജോസഫ് |
| എഗ്രീഡ് പി.എ.സി | : | 1149492/- |
| ചെലവ് | | 1144602/- രൂപ<br>ട്രഷറി ബിൽ നം.26 തീയതി.03.12.2018 (402994/- രൂപ) (741608/-രൂപ ഒന്നാം പാർട്ട് ബിൽ- ബിൽ നം ലഭ്യമായില്ല) |
| എഗ്രിമെന്റ് നം. | : | *27/AE/TDY/17-18 തീയതി.19.12.2017* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 1149492x1% =11495/- രൂപ |

| | | |
|---|---|---|
| 5.പ്രോജക്ട് നം. | : | 157/19 |
| പ്രോജക്ടിന്റെ പേര് | : | നീരേറ്റുപുറം മാർക്കറ്റ് മുതൽ പുതുരുത്തി വരെ തോട് ആഴംകൂട്ടി വൃത്തിയാക്കുന്നു |
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | : | 18.12.2017 |
| കരാറിലേർപ്പെട്ട തീയതി | | 19.12.2017 |
| കോൺട്രാക്ടറുടെ പേര് | : | മനോജ് ജോസഫ് |
| എഗ്രീഡ് പി.എ.സി | : | 414765/- |
| ചെലവ് | | 457746/- രൂപ (നം.7 തീയതി.29.5.18, 25 തീയതി.3.12.18)<br>ട്രഷറി ബിൽ നം.7 തീയതി.29.05.2018 (278023/-രൂപ)<br>ട്രഷറി ബിൽ നം.25 തീയതി.12.12.2018 (179723/- രൂപ) |
| എഗ്രിമെന്റ് നം. | : | *28/AE/TDY/17-18 തീയതി.19.12.2017* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 414765x1% =4148/- രൂപ |
| ആകെ | | 21070 |

തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/5.3.2020) മറുപടി ലഭ്യമാക്കിയില്ല].

## 1-29 എംപ്റ്റി ബാരൽ വില ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷം തലവടി ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty steel drum of 450mm dia 1.2m high-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവൃത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയായി 238/-രൂപയും ജി.എസ്.ടിയും ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം. /തീയതി/ തുക |
|---|---|---|---|---|
| 1 | 173/19 വാർഡ്-8-ൽ എം.പി പാലം - മാണാത്തറ ക്ഷേത്രം വരെ റോഡ് റീ-ടാറിംഗ് | സജീവ് കുമാർ | 4284/- + GST (18 ബാരൽ) | 44/11.03.19- 313136/- രൂപ |
| 2 | 163/19 വാർഡ്-12 മടയ്ക്കൽ പടി മണ്ണാരുപറമ്പ്പടി ടാറിംഗ് | രമേഷ് വി. ദേവ് | 2142/- + GST (9 ബാരൽ) | 6/29.05.18 – 319581/- രൂപ |
| 3 | 154/19 വാർഡ്-2 ചൂട്ട്മാലി ഫോർമെർപടി മുതൽ വടക്കോട്ട് തുണ്ടി പുത്തൻപറമ്പ് കലുങ്ക് ടാറിംഗ് | രമേഷ് വി. ദേവ് | 1190/- + GST (5 ബാരൽ) | 8/29.05.18 – 168275/- രൂപ |
| 4 | 174/19- വാർഡ് 8-ൽ മുരിക്കോലമുട്ട് ബഥേൽ റോഡ് ബാക്കി സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | സജീവ് കുമാർ.കെ.പി | 2142/- + GST (9 ബാരൽ) | 15,16/ 13.07.18 244472/- രൂപ |
| 5 | 162/19- വാർഡ് 11 കൊച്ചുപുരയ്ക്കൽ കറിയെക്കെല്പടി മെറ്റലിംഗ് & ടാറിംഗ് | രമേഷ് വി. ദേവ് | 2142/- + GST **(9 ബാരൽ)** | 5/29.5.18 398620/- രൂപ |
| | | **ആകെ** | **11900+GST** | |

മേൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 11900/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി.05.03.2020) ഒരു പ്രവൃത്തിയുടെ മാത്രം തുക പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കി].

### 1-30 ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വിവിധ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിലേക്ക് നിക്ഷേപമായി തുകകൾ നല്കിയെങ്കിലും പല പ്രവൃത്തികളും പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ പേര് :കുടിവെള്ള വിതരണം പൈപ്പ് ലൈൻ വലിക്കൽ

പ്രോജക്ട് നം. :30/19

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ്- 272474/-

തനത് ഫണ്ട് - 827526/-

ചെലവ് : 11,00,000/- (ട്രഷറി ബിൽ നം.27 തീയതി. 18.03.2019- 272474/-)

തലവടി ഗ്രാമ പഞ്ചായത്തിലെ 2,7,15 വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടപ്പാക്കുന്നതിന് മേൽ പ്രകാരം 11,00,000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.392200110130637) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടി (തീയതി. 12.03.2019) ക്രമ നം.16 വ്യവസ്ഥയനുസരിച്ച് പണി പൂർത്തിയാക്കി കഴിഞ്ഞാലുടൻ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും നല്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ നാളിതുവരെയായിട്ടും പദ്ധതി പൂർത്തീകരിച്ച് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള രേഖകൾ പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല.

2. പ്രോജക്ടിന്റെ പേര് : 111 നം. അംഗൻവാടിക്ക് നവീകരണം

പ്രോജക്ട് നം. : 190/19

അടങ്കൽ : മെയിന്റനൻസ് ഫണ്ട് (റോഡിതരം)- 40000/-

ചെലവ് : 40000/- (ട്രഷറി ബിൽ നം.30 തീയതി.26.03.2019)

തലവടി ഗ്രാമ പഞ്ചായത്തിലെ 111-ാം നമ്പർ അംഗൻവാടിയുടെ നവീകരണത്തിനായി 40000/- രൂപ 8443-00-108-PW Deposit എന്ന ശീർഷകത്തിലേക്ക് ട്രഷറി ചെലാൻ മുഖേന 26.03.2019-ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും നാളിതുവരെയായിട്ടും പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല.

3. പ്രോജക്ടിന്റെ പേര് : വാർഡ് 12 സ്ട്രീറ്റ്മെയിൻ വലിക്കൽ

പ്രോജക്ട് നം. : 147/19

അടങ്കൽ :തനത് ഫണ്ട്- 50000/-

ചെലവ് : 50000/- (ചെക്ക് നം.2773153 തീയതി.27.03.2019)

തലവടി ഗ്രാമ പഞ്ചായത്തിലെ 12-ാം വാർഡിൽ സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി ക്രമ നം.3 പ്രകാരം 50000/- രൂപ കെ.എസ്.ഇ.ബി കടപ്ര സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (57065994459)ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല.

4. പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ്മെയിൻ വലിക്കൽ

പ്രോജക്ട് നം. : 215/19

അടങ്കൽ :വികസന ഫണ്ട്- 428000/-

തനത് ഫണ്ട്- 220000/-

ചെലവ് : 220000/- (വൗച്ചർ നം.21800922 തീയതി.29.03.2019)

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 220000/- രൂപ കെ.എസ്.ഇ.ബി എടത്വ സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (57020531571)ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നുള്ള 428000/- രൂപ തൻവർഷം കെ.എസ്.ഇ.ബി-ക്ക് കൈമാറിയതായി കാണുന്നില്ല. ടി തുക 2019-20-ൽ മാത്രമാണ് കൈമാറിയിട്ടുള്ളത്. നാളിതുവരെയായിട്ടും പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല.

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി ഇടപെടേണ്ടതും പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1412000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-31 ഓഡിറ്റ് ഇംപാക്ട്

2018-19 സാമ്പത്തിക വർഷം തലവടി ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ വാർഡ്-6 നീരേറ്റുപുറം എൻ.എസ്.എസ് കരയോഗം മൂന്നുതൈക്കൽപടി റോഡ് പുനരുദ്ധാരണം (പ്രോജക്ട് നം.43/19)എന്ന പൊതു മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്തിരുന്നില്ല. 05.03.2020-ലെ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് 10 ബാരലിന്റെ വിലയായി 2950/-രൂപ 09.03.2020-ലെ 119010103692 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തലവടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അർദ്ധവാർഷിക പത്രിക,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

01.തലവടി SCB - രണ്ടാം അർദ്ധവർഷം -1250 രൂപ

02.കൊല്ലംമുറി ഫിനാൻസ്- രണ്ടാം അർദ്ധവർഷം -1250 രൂപ

03.പോപ്പുലർ ഫിനാൻസ്- രണ്ടാം അർദ്ധവർഷം -1250 രൂപ

04.റിലയൻസ് SMSL- രണ്ടാം അർദ്ധവർഷം -1250 രൂപ

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതിയിനത്തിൽ ലഭിക്കേണ്ട 5000/- രൂപ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 എംപ്റ്റി ബാരൽ വില ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷം തലവടി ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty steel drum of 450mm dia 1.2m high-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവൃത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയായി 238/-രൂപയും ജി.എസ്.ടിയും ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | കോൺട്രാക്ടറുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക | ചെലവ് ട്രഷറി ബിൽ നം. /തീയതി/തുക |
|---|---|---|---|---|
| 1 | 173/19 വാർഡ്-8-ൽ എം.പി പാലം - മാണാത്തറ ക്ഷേത്രം വരെ റോഡ് റീ-ടാറിംഗ് | സജീവ് കുമാർ | 4284/- + GST (18 ബാരൽ) | 44/11.03.19- 313136/- രൂപ |
| 2 | 163/19 വാർഡ്-12 മടയ്ക്കൽ പടി മണ്ണാരുപറമ്പ്പടി ടാറിംഗ് | രമേഷ് വി. ദേവ് | 2142/- + GST (9 ബാരൽ) | 6/29.05.18 – 319581/- രൂപ |

| | | | | |
|---|---|---|---|---|
| 3 | 154/19 വാർഡ്-2 ചൂട്ടമാലി ഫോർമെർപടി മുതൽ വടക്കോട്ട് തുണ്ടി പുത്തൻപറമ്പ് കലുങ്ക് ടാറിംഗ് | രമേഷ് വി. ദേവ് | 1190/- + GST (5 ബാരൽ) | 8/29.05.18 – 168275/- രൂപ |
| 4 | 174/19- വാർഡ് 8-ൽ മുരിക്കോലമുട്ട് ബഥേൽ റോഡ് ബാക്കി സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് | സജീവ് കുമാർ.കെ.പി | 2142/- + GST (9 ബാരൽ) | 15,16/ 13.07.18 244472/- രൂപ |
| 5 | 162/19- വാർഡ് 11 കൊച്ചുപുരയ്ക്കൽ കറിയെക്കെല്ലപ്പടി മെറ്റലിംഗ് & ടാറിംഗ് | രമേഷ് വി. ദേവ് | 2142/- + GST (9 ബാരൽ) | 5/29.5.18 398620/- രൂപ |
| | | **ആകെ** | **11900+GST** | |

മേൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കാതിരുന്നതു മൂലം 11,900/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. [ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി.05.03.2020) ഒരു പ്രവർത്തിയുടെ മാത്രം തുക പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കി]. മേൽ തുക അധികം നൽകിയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് കെയർ | 199997 | 3 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | പാലിന് സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 117000 | സ്കോളർഷിപ്പ് | 117000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1234430 | ലൈഫ് ഭവനം – ജനറൽ | 800000 | 434430 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 306827 | ലൈഫ് ഭവനം–എസ്.സി | 0 | 306827 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 713559 | ലൈഫ് – ജനറൽ | 640000 | 73559 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 312239 | ലൈഫ് – എസ്.സി | 0 | 312239 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | അങ്കണവാടി നിർമ്മാണം | 0 | 580000 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രവിഹിതം | 2018-19 | 508175 | പോഷകാഹാരം | 0 | 508175 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള വിതരണം പൈപ്പ് ലൈൻ വലിക്കൽ | വൗച്ചർ നം.21800842 & 21800892 | 11,00,000 | 0 | 11,00,000 |
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | വൗച്ചർ നം.21800922 &21800923 | 2,72,000 | 0 | 2,72,000 |
| കെ.പി.ഡ.ബ്ല്യൂ.ഡി 111-ാംനമ്പർ (കെട്ടിട നിർമ്മാണ വിഭാഗം) | അങ്കണവാടി കെട്ടിട നവീകരണം | ബിൽ നം.30/ 26.3.19 | 40000 | 0 | 40000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം | ജി.ഒ.2220/2010 /LSGD/7/7/10 | 8318167 | 0 | 0 | 0 | 8318167 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 17,781/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഓഡിറ്റ് റിക്കവറിയിനത്തിലുള്ള ഈ വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-12 | 1667 | ബോബൻ വി. റിട്ട.സെക്രട്ടറി | 118010101161/14.8.18 |
| 2016-17 | 3-1 | 6144/- | സാനു പി മാത്യു | 118010103778/5.3.19 |
| 2015-16 | 3-1 | 9970 | അൻവർ റഹ്മാൻ | 118010103419/9.2.19 |
| **ആകെ** | | **17781/-** | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62207612 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54678295 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2046847 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ | നഷ്ടമായ തുക സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 5000 | | ശ്രീമതി. ബേബി സരോജം.ഡി, സെക്രട്ടറി |
| 3-1 | | Rs.4284/- | ശ്രീമതി.ജയശ്രീ.ആർ, അസിസ്റ്റന്റ് എൻജിനീയർ |
| | | Rs.5474/- | ശ്രീമതി.പ്രിയങ്ക വി.എസ്, അസിസ്റ്റന്റ് എൻജിനീയർ |
| | | Rs.2142/- | ശ്രീമതി.മുംതാസ്, അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | **5,000** | **11900** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-21 | 118500/-<br>169850/- | ശ്രീമതി. ബേബി സരോജം.ഡി, സെക്രട്ടറി<br>ശ്രീമതി.വത്സമ്മ വി.എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 168997 | ഡോ. ടോണി തോമസ് മാത്യു, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-23 | 37,500/- | ശ്രീ.അജിമോൻ, വി.ഇ.ഒ |
| 1-24 | 140000/- | ശ്രീമതി.എസ്.സിന്ധു, സെക്രട്ടറി |
| 1-30 | 1412000 | ശ്രീമതി.എസ്.സിന്ധു, സെക്രട്ടറി |
| ആകെ | 2046847 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.സിന്ധു, സെക്രട്ടറി | സെക്രട്ടറി,<br>ദേവികുളങ്ങര ഗ്രാമപഞ്ചായത്ത് | കല്ലംപറമ്പിൽ, ഏവൂർ തെക്ക്,<br>കീരിക്കാട് പി.ഒ, ആലപ്പുഴ |
| ബേബി സരോജം.ഡി,<br>സെക്രട്ടറി | സെക്രട്ടറി,<br>തലവടി ഗ്രാമപഞ്ചായത്ത് | മോഹനം, പാളയംകുന്ന് പി.ഒ<br>വർക്കല.പി.ഒ, തിരുവനന്തപുരം |
| മുംതാസ്.എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വക്കം ഗ്രാമപഞ്ചായത്ത് | ടി.സി.24/590, തൈക്കാട്,<br>തിരുവനന്തപുരം. |

| | | |
|---|---|---|
| | | മൊബൈൽ നം.9495121876 |
| പ്രിയങ്ക.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തകഴി ഗ്രാമപഞ്ചായത്ത് | വൈജയന്ത്, T.C.11/1665, തരാച്ചിറ റോഡ്, കവടിയാർ പി.ഒ, തിരുവനന്തപുരം – 695003 |
| പ്രിയ.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | മുളവൂർ,അഴിയകം,ശാന്തിനഗർ, ആയത്തിൽ പി.ഒ കൊല്ലം. |
| ജയശ്രീ .ആർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് | അയനം, അകംകുടി, നങ്ങ്യാർകുളങ്ങര, ആലപ്പുഴ |
| അജിമോൻ, വി.ഇ.ഒ | വി.ഇ.ഒ, കവിയൂർ ഗ്രാമപഞ്ചായത്ത് | വഞ്ചിപ്പുരയ്ക്കൽ, നീരേറ്റുപുറം പി.ഒ |
| വത്സമ്മ വി.എൽ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി എടത്വ ഗ്രാമപഞ്ചായത്ത് | വളയത്തിൽച്ചിറ, അമിച്ചകരി, ചമ്പക്കുളം |
| ഡോ. ടോണി തോമസ് മാത്യു, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, തലവടി | ചരുവിൽ, പൂന്തോപ്പ് വാർഡ്, അവലൂക്കുന്നു പി ഓ, ആലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97, 97-98 | എൽ.എഫ്.ജി.എ5/1832/11/31.1.12 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 03-04 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2005-06 മുതൽ 2010-2011വരെ | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2011-12, 12-13 | എൽ.എഫ്.എ.പി 1/755/2014/30.7.14/4.10.14 |
| 2013-2014 | കെ.എസ്.എ/എ.എൽ.പി/പി 1/214/16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.11/827/16/29.7.16 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി.11/1333/16/26.11.16 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.11/1127/17/11.09.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി.11/251/2019/1.06.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തലവടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം.2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ